
# അരുവിപ്പുറം ശ്രീനാരായണ ധർമ്മ പരിപാലനയോഗം, കൊല്ലം



## നോട്ടീസ്

## 114-ാമത് വാർഷിക പൊതുയോഗവും ഭാരവാഹി തെരഞ്ഞെടുപ്പും

### 2026 മാർച്ച് മാസം 14-ാം തീയതി ആർ.ശങ്കർ നഗർ,കൊല്ലം
### (ശ്രീനാരായണ കോളേജ് ആഡിറ്റോറിയം, കൊല്ലം)

മാന്യരേ,

അരുവിപ്പുറം എസ്.എൻ.ഡി.പി.യോഗത്തിന്റെ 114-ാമത് വാർഷിക പൊതുയോഗവും, ഭാരവാഹി തെരഞ്ഞെടുപ്പും 2021 ഏപ്രിൽ മാസം 22-ാം തീയതിയിലെ വിജ്ഞാപന പ്രകാരം, 2021 മെയ് മാസം 22-ാം തീയതി നടത്തുവാൻ തീരുമാനിക്കുകയും എന്നാൽ കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം വാർഷിക പൊതുയോഗ നടപടികൾ പൂർത്തീകരിക്കാതെ നിർത്തിവെയ്ക്കുകയും 2022 ജനവരി 11-ാം തീയതിയിലെ തുടർ വിജ്ഞാപന പ്രകാരം 2022 ഫെബ്രുവരി 5-ാം തീയതി നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ബഹു.കേരളാ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് W.P.(C)8382/2020, W.P.(C)1385/2021 എന്നീ ഹർജികളിൽ 2022 ജനവരി മാസം 24-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ എസ്.എൻ.ഡി.പി.യോഗ നിബന്ധന 44-ാം വകുപ്പ് റദ്ദു ചെയ്യുകയുണ്ടായി. തുടർന്നുണ്ടായ നിയമപരമായ കാരണങ്ങളാൽ 2022 ഫെബ്രുവരി 10-ാം തീയതി ചേർന്ന എസ്.എൻ.ഡി.പി.യോഗം ഡയറക്ടർ യോഗം 114-ാമത് വാർഷിക പൊതുയോഗത്തിനായുള്ള 2021 ഏപ്രിൽ 22-ാം തീയതിയിലേയും 2022 ജനവരി 11-ാം തീയതിയിലേയും നോട്ടിഫിക്കേഷനുകൾ റദ്ദു ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ തുടർന്ന് എസ്.എൻ.ഡി.പി.യോഗവും മറ്റുള്ളവരും ബഹു.കേരളാ ഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് മുൻപാകെ ഫയൽചെയ്ത W.A.2023/2024, W.A.2024/2024 എന്നീ ഹർജികളിൽ ബഹു. കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിലൂടെ 2022 ജനവരി മാസം 24-ാം തീയതിയിലെ യോഗനിബന്ധന 44 റദ്ദു ചെയ്തുകൊണ്ടുള്ള ബഹു. സിംഗിൾ ബഞ്ച് വിധിന്യായം 2025 ഡിസംബർ മാസം 19-ാം തീയതി റദ്ദു ചെയ്യുകയും എസ്.എൻ.ഡി.പി.യോഗനിബന്ധന 44-ാം വകുപ്പ് പുനസ്ഥാപിക്കപ്പെടുകയും ചെയ്തു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എസ്.എൻ.ഡി.പി.യോഗം ഡയറക്ടർ ബോർഡിന്റെ ഒരു യോഗം 2026 ഫെബ്രുവരി മാസം 17-ാം തീയതി കണിച്ചുകുളങ്ങര കരപ്പുറം റസിഡൻസിയിൽ വെച്ച് ചേരുകയും പ്രസ്തുത യോഗം എസ്.എൻ.ഡി.പി.യോഗത്തിന്റെ 114-ാമത് വാർഷിക പൊതുയോഗം യോഗനിബന്ധന 44 അനുസരിച്ച് ടി വാർഷികപൊതുയോഗത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും. ആക്ഷേപം സ്വീകരിച്ച് ഫൈനൽ ആക്കപ്പെടുകയും ചെയ്ത യോഗ വാർഷിക പ്രതിനിധികളുടെ അവകാശം സംരക്ഷിച്ച് 2026 മാർച്ച് മാസം 14-ാം തീയതി രാവിലെ 10.30-ന് ബഹു.എസ്.എൻ.ഡി.പി.യോഗം പ്രസിഡന്റ് ശ്രീ.എം.എൻ.സോമന്റെ അദ്ധ്യക്ഷതയിൽ കൊല്ലം ആർ.ശങ്കർ നഗറിൽ വെച്ച് (എസ്.എൻ.കോളേജ് ആഡിറ്റോറിയം, കൊല്ലം) താഴെ പറയുന്ന കാര്യപരിപാടി അനുസരിച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്നതിനാൽ യോഗനിബന്ധന 44-ാം വകുപ്പ് അനുസരിച്ചുള്ള പൊതുയോഗ അംഗങ്ങൾ പ്രസ്തുത യോഗത്തിൽ സംബന്ധിക്കണമെന്ന് അപേക്ഷിക്കുന്നു.

എസ്.എൻ.ഡി.പി.യോഗം ഓഫീസ്,
കൊല്ലം
തീയതി - 18.02.2026

വെള്ളാപ്പള്ളി നടേശൻ (ഒപ്പ്)
ജനറൽ സെക്രട്ടറി
എസ്.എൻ.ഡി.പി.യോഗം

### കാര്യപരിപാടി

(1) ഗുരുസ്മരണ (2) സ്വാഗതം (3) അദ്ധ്യക്ഷ പ്രസംഗം (4) 2018-2019, 2019-20, എന്നീ വർഷങ്ങളിലെ വരവു ചിലവ് കണക്കും റവന്യൂ അക്കൗണ്ടും, ബാക്കിപത്രവും, ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടും പാസ്സാക്കുക (5) 2020-21, 2021-22 എന്നീ വർഷങ്ങളിലേയ്ക്കുള്ള ബഡ്ജറ്റ് അംഗീകരിക്കുക (6) 2020-21-ലെ കണക്ക് ആഡിറ്റ് ചെയ്യുന്നതിന് ആഡിറ്ററെ തെരഞ്ഞെടുത്ത് പ്രതിഫലം നിശ്ചയിക്കുക (7) ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുക (8) പ്രമേയങ്ങൾ (9) യോഗം പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ദേവസ്വം സെക്രട്ടറി എന്നിവരുടെ തെരഞ്ഞെടുപ്പ് (10) തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം (11) കൃതജ്ഞത

NB (1) യോഗം ഹാളിൽ പ്രവേശിക്കുന്നതിനുള്ള പാസ്സുകൾ പൊതുയോഗ ദിവസം രാവിലെ 8 മണി മുതൽ സമ്മേളന സ്ഥലത്തുനിന്നും ലഭിക്കുന്നതാണ്. ശാഖാ പ്രതിനിധികളുടേയും, യൂണിയൻ കൗൺസിലർമാരുടേയും പാസ്സുകൾ, യൂണിയൻ സെക്രട്ടറി യോഗസ്ഥലത്തു നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്യേണ്ടതാണ്. യൂണിയൻ സെക്രട്ടറി ഹാജരില്ലാത്ത പക്ഷം അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തി അധികാരപത്രം ഹാജരാക്കി ഈ കാര്യം നിർവ്വഹിക്കേണ്ടതാകുന്നു. യോഗം ഡയറക്ടർമാർ, യൂണിയൻ പ്രസിഡന്റുമാർ, വൈസ്-പ്രസിഡന്റുമാർ, യൂണിയൻ സെക്രട്ടറിമാർ എന്നിവർ അവരുടെ പാസ്സുകൾ യോഗ സ്ഥലത്തുനിന്നും നേരിട്ട് വാങ്ങേണ്ടതാണ്. രാവിലെ 9 മണി മുതൽ യോഗഹാളിൽ പ്രവേശനം അനുവദിക്കുന്നതാണ്.

(2) പൊതുയോഗത്തിൽ പ്രമേയം അവതരിപ്പിക്കാൻ ഉദ്ദ്യേശിക്കുന്നവർ പ്രമേയം, പൊതുയോഗത്തിന് 7 ദിവസങ്ങൾക്കു മുൻപ് കിട്ടത്തക്ക വിധം യോഗം ജനറൽ സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

(3) യോഗം പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ദേവസ്വം സെക്രട്ടറി, എന്നീ ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് യോഗം തെരഞ്ഞെടുപ്പ് ചട്ടം അനുസരിച്ച് രഹസ്യബാലറ്റ് സമ്പ്രദായം നടത്തുന്നതാണ്. തെരഞ്ഞെടുപ്പിനുള്ള റിട്ടേണിംഗ് ഓഫീസറായി അഡ്വ.മില്ലു ദണ്ഡപാണി, കേരളാ ഹൈക്കോടതി അവർകളെ നിയമിച്ചിട്ടുണ്ട്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനോടൊപ്പം സ്ഥാനാർത്ഥികൾ 250 രൂപാ ഡിപ്പോസിറ്റ് വയ്ക്കേണ്ടതാണ്. മൊത്തം പോൾ ചെയ്യേണ്ട വോട്ടിന്റെ ആറിൽ ഒന്നിൽ കുറവായ വോട്ടു ലഭിക്കുന്നവരുടെ തുക തിരികെ ലഭിക്കുന്നതല്ല.

(4) റിട്ടേണിംഗ് ഓഫീസറുടെ ഓഫീസ് 25.02.2026 ന് രാവിലെ 10 മണി മുതൽ 6.3.2026 ന് വൈകിട്ട് 5 മണി വരെ യോഗം ഓഫീസിൽ പ്രവർത്തിക്കുന്നതാണ്.

(5) പൊതുയോഗ ഹാളിൽ പ്രവേശിക്കുന്നതിനുള്ള പാസ് കാണിച്ച് പോളിംങ് സ്റ്റേഷനിൽ നിന്നുള്ള ബാലറ്റ് പേപ്പർ വാങ്ങി വോട്ടു രേഖപ്പെടുത്താവുന്നതാണ്.

(6) വോട്ടർമാർ ഐഡന്റിറ്റി കാർഡ് കാണിച്ച് ബൂത്തിൽ പ്രവേശിക്കേണ്ടതാണ്. (ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, ആധാർകാർഡ്, പാസ്പോർട്ട്, ഡ്രൈവിംങ് ലൈസൻസ് എന്നിവയിലേതെങ്കിലുമൊന്ന് ഹാജരാക്കേണ്ടതാണ്.)

(7) യോഗം ഡയറക്ടർമാരായി നിയമിക്കപ്പെടേണ്ടവർ കമ്പനി നിയമപ്രകാരം അലോട്ട് ചെയ്ത DIN നിർദ്ദിഷ്ട ചട്ടപ്രകാരമുള്ള മറ്റു നമ്പരുകളോ താൻ ഡയറക്ടറാകാൻ അയോഗ്യനല്ലെന്ന പ്രസ്താവനയും യോഗത്തിന് നൽകേണ്ടതാണ്. ഡയറക്ടരായിരിക്കാൻ താങ്കൾക്കുള്ള സമ്മത പത്രവും ഹാജരാക്കേണ്ടതാണ്.

(8) പൊതുയോഗ നോട്ടീസിന്റേയും ബാലൻസ്ഷീറ്റിന്റേയും, വരവ്-ചെലവു കണക്കുകളുടേയും അവയുമായി ബന്ധപ്പെട്ട രേഖകളുടേയും പകർപ്പുകൾ അംഗങ്ങൾക്ക് ശാഖാ-യൂണിയൻ ഓഫീസുകളിൽ നിന്ന് ലഭ്യമാണ്.

(9) 114-ാമത് വാർഷിക പൊതുയോഗത്തിന്റെ നോട്ടീസും, മറ്റു അനുബന്ധവിവരങ്ങളും എസ്.എൻ.ഡി.പി. യോഗത്തിന്റെ sndpyogam.co.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### തെരഞ്ഞെടുപ്പ് വിജ്ഞാപനം
### തെരഞ്ഞെടുപ്പ് പരിപാടി

| | | |
|---|---|---|
| ഫൈനൽ വോട്ടർപട്ടിക പരസ്യം ചെയ്യുന്ന തീയതി | - | 20.02.2026, 10 a.m |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതിയും, സമയവും | - | 25.02.2026, 11 a.m. to 3 p.m. |
| നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന | - | 26.02.2026, 11 a.m. മുതൽ |
| സാധുവായ സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരണം | - | 26.02.2026, 5 p.m. |
| റിട്ടേണിംങ് ഓഫീസറുടെ തീരുമാനത്തിന്മേൽ യോഗം കൗൺസിലിന് അപ്പീൽ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | - | 28.02.2026, 5 p.m. വരെ |
| അപ്പീലുകൾ യോഗം കൗൺസിൽ പരിഗണിക്കുന്നത് | - | 04.03.2026, 11a.m മുതൽ |
| സാധുവായ സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരണം | - | 04.03.2026, 4 p.m. |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതിയും സമയവും | - | 06.03.2026, 4 p.m.വരെ |
| സ്ഥാനാർത്ഥികളുടെ അവസാനലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | - | 06.03.2026, 5 p.m. |
| തെരഞ്ഞെടുപ്പ് | - | 14.03.2026, 11 a.m. to 5 p.m. |
| വോട്ടെണ്ണൽ | - | 14.03.2026, 6 p.m. മുതൽ |
| ഫലപ്രഖ്യാപനം | - | വോട്ടെണ്ണൽ തീരുന്ന മുറയ്ക്ക് |

അഡ്വ. മില്ലു ദണ്ഡപാണി (ഒപ്പ്)
ദണ്ഡപാണി അസോസ്സിയേറ്റ്സ്
തൃപ്തി, റ്റി.ഡി.റോഡ്, നോർത്ത് എൻഡ്
കൊച്ചി - 682 035
ഫോൺ - 0484 2368585, 2362025
e-mail: milludandapani@hotmail.com

വെള്ളാപ്പള്ളി നടേശൻ (ഒപ്പ്)
ജനറൽ സെക്രട്ടറി
എസ്.എൻ.ഡി.പി.യോഗം